പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2241 18.12.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് നിർമ്മാണം

ചോദ്യം

ശ്രീ. എ. പ്രദീപ്കുമാർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് നഗരത്തിലെ കെ.എസ്.ആർ.ടി.സി.യുടെ പുതിയ ബസ് സ്റ്റാന്റ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ പ്രധാന കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ വർക്സ് 95% പൂർത്തിയായി കെട്ടിടത്തിന്റെ മേൽക്കൂരയുടെ നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം മറ്റ് ഫിനിഷിംഗ് വർക്കും പുരോഗമിക്കുന്നു. ഗ്യാരേജ് ബ്ലോക്കിന്റെയും സ്ട്രക്ച്ചറൽ വർക്സ് പൂർത്തിയായിട്ടുണ്ട്. ഫിനിഷിംഗ് വർക്ക് നടന്നുകൊണ്ടിരിക്കുന്നു.<br>ഇലക്ട്രിക്കൽ ജോലിയുടെ കരാർ പുനരാരംഭിക്കുന്നതിനും എസ്കലേറ്റർ, എലിവേറ്റർ എന്നിവ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള പുതുക്കിയ റേറ്റ് റിവിഷനുള്ള നിർദ്ദേശം കെ.റ്റി.ഡി.എഫ്.സി. സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സമയം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ 2013 മാർച്ച് 31-ന് പൂർത്തീകരിക്കുവാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ